**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4671** **29-06-2012 - ലെ മറുപടിയ്ക്ക്**

**ഇടുക്കി പാക്കേജിന്റെ പുരോഗതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ്<br>'' തോമസ് ഉണ്ണിയാടൻ<br>'' സി. എഫ്. തോമസ്<br>'' റ്റി. യു. കുരുവിള | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) | ഇടുക്കി പാക്കേജിന്റെ പുരോഗതി എന്തെന്ന് വ്യക്തമാക്കുമോ ; | (എ) | ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തിയ വിവിധ വകുപ്പുകളുടെ 13 പദ്ധതികൾക്കായി 396.60 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി കേന്ദ്രത്തിന് നൽകിയതിൽ 238.92 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ടി തുകയിൽ 110.19 കോടി രൂപ റിലീസ് ചെയ്തിട്ടുള്ളതും 79.065 കോടി രൂപ വിനിയോഗിച്ചിട്ടുള്ളതുമാണ്. ഇവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇടുക്കി പാക്കേജ് സുതാര്യവും സമയബന്ധിതമായും നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ ? | (ബി) | പദ്ധതി നടത്തിപ്പുകൾ സുതാര്യവും സമയബന്ധിതവുമായി പുരോഗമിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ബഹു. മുഖ്യമന്ത്രി ചെയർമാനായി ഇടുക്കി ഐശ്വര്യ സമിതി, ചീഫ് സെക്രട്ടറി ചെയർമാനായി ഇടുക്കി കർമ്മ സമിതി, കാർഷികോൽപാദന കമ്മീഷണർ ചെയർമാനായി ടാസ്ക് ഇംപ്ലിമെന്റേഷൻ കമ്മിറ്റി, എന്നീ സമിതികളിൽ ബന്ധപ്പെട്ട വകുപ്പുകളുടെ മന്ത്രിമാരും, എം.പി., എം.എൽ.എ മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരും ഉൾപ്പെടുന്നുണ്ട്. ഈ സമിതികൾ പദ്ധതി നടത്തിപ്പുകൾ നിരന്തരം അവലോകനം ചെയ്തു വരുന്നതും ഇടുക്കി പാക്കേജ് സുതാര്യവും സമയബന്ധിതവുമായി നടപ്പാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകി വരുന്നതുമാകുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - I

| ക്രമ നം. | വകുപ്പ് | പ്രോജക്ട് | ഡിപിആർ തുക | അനുവദിച്ച തുക | ലഭ്യമായ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| | | | കോടിയിൽ | | | |
| 1 | കൃഷി വകുപ്പ് | കട്ടപ്പന, കുമളി, അടിമാലി എന്നിവിടങ്ങളിൽ സോയിൽ ടെസ്റ്റിംഗ് ലാബ് തുടങ്ങുന്നതിന് | 2.20 | - | - | - |
| | | മറയൂർ, കാന്തല്ലൂർ പഞ്ചായത്തുകളിൽ കരിമ്പുകൃഷി, പുതുകൃഷിക്കും പുനകൃഷിക്കുമായി | 5.18 | 1.35 | 0.3 | 0.21 |
| | | തെങ്ങ് കൃഷി വികസനം | 10 | 1.62 | 1.62 | 0.44 |
| | | വട്ടവട, കാന്തല്ലൂർ പഞ്ചായത്തുകളിൽ ശീതകാല പച്ചക്കറി, പഴവർഗ്ഗ കൃഷിക്കായി | 26.4 | 17.7 | 2.36 | .5809 |
| 2 | മൈനർ ഇറിഗേഷൻ | 46 ചെക്ക്ഡാം നിർമ്മാണത്തിനായി | 26 | 11.6 | 11.6 | 7.09 |
| 3 | മൃഗസംരക്ഷണം | കന്നുകാലി വികസന പദ്ധതി | 20.25 | 20.25 | 4 | 3.2 |
| | | ആടുകളുടെ വിതരണ പദ്ധതി | 7.36 | 3.68 | 3.68 | 0.35 |
| | | കേരളാ ഫീഡ്സ് & മിൽമ | 8.5 | 3.66 | 3.66 | 3.66 |
| 4 | ഫിഷറീസ് | ഡാമുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്ന പദ്ധതി | 1.4 | 1.4 | 0.467 | 0.4041 |
| 5 | സ്പൈസസ് ബോർഡ് | ഏലം, കുരുമുളക് കൃഷിക്കും പുനരുദ്ധാരണത്തിനുമായി | 171.07 | 169.81 | 74.653 | 55.535 |
| 6 | ടീ ബോർഡ് | തേയില കൃഷിക്കും പുനരുദ്ധാരണത്തിനും | 30.0 | 6.7 | 6.7 | 6.7 |
| 7 | കോഫീ ബോർഡ് | കാപ്പി കൃഷിക്കും പുനരുദ്ധാരണത്തിനും | 5.65 | 0.66 | 0.66 | 0.50 |
| 8 | VFPCK | കാർഷിക വിളകളുടെ ഗ്രാമീണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് | 2.59 | 0.49 | 0.49 | 0.395 |
| 9 | സോയിൽ കൺസർവേഷൻ | മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾക്കായി | 80 | - | - | - |
| | | | 396.6 | 238.92 | 110.19 | 79.065 |